Website: www.keralapsc.gov.in Telephone: 04832734308

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, മലപ്പുറം

റാങ്ക് ലിസ്റ്റ് നമ്പർ: 238/2018/DOM മലപ്പുറം,
കാറ്റഗറി നമ്പർ: 066/2017 21.03.2018.

## വിജ്ഞാപനം

29.04.2017 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം കേരള സംസ്ഥാന സർവ്വീസിൽ പോലീസ് വകുപ്പിൽ എം.എസ്.പി ബറ്റാലിയനിൽ 22200-48000 രൂപ ശമ്പള നിരക്കിൽ വനിത സിവിൽ പോലീസ് ഓഫീസർ (Women Police Constable) (SR for ST only) (Cat. No. 66/2017) തസ്തികയുടെ തെരഞ്ഞെടുപ്പിനായി മലപ്പുറം ജില്ലയിലെ നിലമ്പൂർ/കാളികാവ്/അരീക്കോട് ബ്ലോക്കുകളിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള പ്രത്യേക തെരഞ്ഞെടുപ്പിനായി (പട്ടിക വർഗ്ഗ വിഭാഗത്തിലെ പണിയൻ, അടിയാൻ, കാട്ടുനായ്ക്കൻ എന്നീ Most Primitive Group ൽ ഉള്ളവർക്ക് മുൻഗണന നൽകിയിട്ടുണ്ട്) 11.12.2017, 12.12.2017, 13.12.2017 എന്നീ തീയ്യതികളിൽ നടത്തിയ ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലും 23.02.2018 തീയതിയിൽ നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലും യോഗ്യരെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക താഴെ കൊടുക്കുന്നു. ഈ റാങ്ക് പട്ടികയ്ക്ക് 21.03.2018 മുതൽ പ്രാബല്യമുണ്ടായിരിക്കും.

ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്നത് മുതൽ ഒരു വർഷം ആയിരിക്കും. നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് മലപ്പുറം ജില്ലയിലെ വനാന്തരങ്ങളിലെയും വനാതിർത്തിയിലെയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്. റാങ്ക ലിസ്റ്റ് നിലവിലിരിക്കെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് നിയമന ശിപാർശ നടത്തുന്നത് എന്നതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ശിപാർശ ലഭിക്കണമെന്നില്ല. റാങ്ക് ലിസ്റ്റ് റദ്ദാക്കപ്പെടുന്ന സമയത്ത് റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന കാരണത്താൽ പിന്നീട് നിയമന ശിപാർശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ജോസഫ് ടി.കെ.
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

വിതരണാനുമതി നൽകുന്നത്

സെക്ഷൻ ഓഫീസർ